# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 326 02.03.2020-ൽ മറുപടിക്ക്

## പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

പ്രൊഫ.കെ.യു. അരുണൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് എത്തുന്ന സഞ്ചാരികൾക്കും പുതുതലമുറയ്ക്കും നമ്മുടെ സംസ്കാരത്തെയും നവോത്ഥാന മൂല്യങ്ങളെയും കുറിച്ച് അവബോധം നൽകുന്നതിന് പുരാവസ്തുവകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | സംസ്ഥാനത്ത് എത്തുന്ന സഞ്ചാരികൾക്കും പുതുതലമുറയ്ക്കും നമ്മുടെ സംസ്കാരത്തേയും നവോത്ഥാനമൂല്യങ്ങളെയും കുറിച്ച് അവബോധം നൽകുന്നതിന് വിവിധങ്ങളായ പദ്ധതികളാണ് പുരാവസ്തു വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. പൈതൃക തനിമ നിലനിർത്തികൊണ്ടുതന്നെ മ്യൂസിയങ്ങളുടെ ആധുനിക വൽക്കരണത്തിനും അവശ്യം വേണ്ടുന്ന സന്ദർശക സൗകര്യങ്ങൾ ഒരുക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം കോട്ടയ്ക്കകത്തെ വിവിധ സംരക്ഷിത സ്മാരകങ്ങളെയും, പൈതൃക- മന്ദിരങ്ങളെയും ഉൾപ്പെടുത്തി ഡിജിറ്റൽ ദൃശ്യ ശ്രാവ്യ Mobile Application തയ്യാറാക്കി Trivandrum Heritage Walk" എന്ന പേരിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മലബാർ മേഖലയിലെ ഇരുപതോളം സംരക്ഷിത സ്മാരകങ്ങളും പൈതൃക മന്ദിരങ്ങളും ഉൾപ്പെടുത്തി "Explore Malabar" എന്ന പേരിൽ ഒരു mobile application നും തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. കേരള പുരാവസ്തു വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാം വിധം നവീകരിക്കുകയുണ്ടായി. ഒപ്പം തന്നെ മ്യൂസിയങ്ങളുടെയും ഒട്ടുമിക്ക സംരക്ഷിത സ്മാരകങ്ങളുടെയും Signature videos തയ്യാറാക്കി വകുപ്പിനായി രൂപീകരിക്കപ്പെട്ട youtube ചാനലിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇതു വഴി കേരളത്തിന്റെ സംസ്കാരം, ചരിത്രം എന്നിവ സഞ്ചാരികൾക്ക് അറിയുവാൻ കഴിയും. ഇത്തരത്തിൽ പലവിഭാഗങ്ങളിലായി നാൽപ്പതോളം വീഡിയോകൾ തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ മൂന്ന് ഭാഷകളിലായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങളിൽ പ്രത്യേകിച്ച് കുട്ടികളിൽ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിലേയ്ക്കായി കേരളത്തിന്റെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ, കൂട്ടായ്മകൾ എന്നിവിടങ്ങളിൽ സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**